## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6535 — 09.07.2014-ലെ മറുപടിയ്ക്ക്

## ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>,, സി.പി.മുഹമ്മദ്<br>,, പാലോട് രവി<br>,, കെ.മുരളീധരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) രൂപം നൽകിയിട്ടുണ്ട്. ടൂറിസം വികസനം ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്കായി സംസ്ഥാന പദ്ധതി പ്രകാരവും എൻ.സി.ഡി.സി പദ്ധതി പ്രകാരവും ധനസഹായം നൽകി വരുന്നു. കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ലനിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങളിലൂടെ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും എൻ.സി.ഡി.സി സഹായത്തോടുകൂടി വിനോദ സഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗസ്റ്റ് ഹൗസുകൾ അടക്കമുള്ള |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, സബ്സിഡി ഇനത്തിലായി 1:2 അനുപാതത്തിൽ പരമാവധി 20 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ടൂറിസം വികസനത്തിനായി ടൂറിസം സഹകരണ സംഘങ്ങൾക്ക് പലവക വിഭാഗത്തിൽ ഉൾപ്പെടുത്തി 2,00,000/- രൂപ വീതം ഓഹരി മൂലധന സഹായവും നൽകി വരുന്നു, എൻ.സി.ഡി.സി പദ്ധതി പ്രകാരം, സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധനസഹായം, വായ്പ എന്നിവ നൽകി വരുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ടൂറിസത്തിന്റെ സാധ്യതകൾ ധാരാളം ഉള്ളതും എന്നാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികൾക്ക് സേവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പ്രദേശങ്ങളിൽ കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനാണ് ടൂറിസം സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാനുമതി നൽകുന്നത്. ടി സംഘങ്ങളുടെ പ്രവർത്തന പരിധിക്കകത്ത് ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ, സ്റ്റഡി സെന്ററുകൾ എന്നിവ തുടങ്ങുവാനും, ടൂർ പാക്കേജുകൾ തയ്യാറാക്കുന്നതിനും സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, സബ്സിഡി ഇനത്തിലായി 1:2 അനുപാതത്തിൽ ധനസഹായം |

അനുവദിക്കുന്നുണ്ട്.
കൂടാതെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും എൻ.സി.ഡി.സി സഹായത്തോടുകൂടി വിനോദ സഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗസ്റ്റ് ഹ ൗ സുകൾ അടക്കമുള്ള സ ൗ കര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.
എൻ.സി.ഡി.സി പദ്ധതി പ്രകാരം, സംഘം സമർപ്പിക്കുന്ന അപേക്ഷകൾ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടൂറിസം വികസനം ഏറ്റെടുത്ത് നടത്തുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും ഓഹരി മൂലധനസഹായവും വായ്പയും നൽകി വരുന്നു. വാഹനം വാങ്ങുന്നതിനും ഹോട്ടലുകൾ, ഗസ്റ്റ് ഹ ൗ സ്, റസ്റ്റാറന്റുകൾ, കാന്റീനുകൾ, റസ്റ്റ് റൂമുകൾ, എക്കോ ഫ്രണ്ടിലി പാർക്കുകൾ എന്നിവ നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനുമാണ് എൻ.സി.ഡി.സി പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്.

| | | | |
|---|---|---|---|
| (സി) | ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും, ഗസ്റ്റ് ഹ ൗ സുകൾ, റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും, ഗസ്റ്റ് ഹ ൗ സുകൾ, റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും, വാഹനങ്ങൾ വാങ്ങുന്നതിനും, എൻ.സി.ഡി.സി പദ്ധതി പ്രകാരം, സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധനസഹായം, വായ്പ എന്നിവ |

നൽകി വരുന്നു. സംഘം
പുരോഗതി കൈവരിക്കുന്ന മുറയ്ക്ക്
തൊഴിലവസരങ്ങൾ
സൃഷ്ടിക്കുന്നതിന് കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ